**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1972** **02-02-2024 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി ഏതൊക്കെ സ്കോളർഷിപ്പുകളാണ് വിതരണം ചെയ്യുന്നതെന്നതെന്ന് അറിയിക്കുമോ; | (എ) | **വിവിധ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൽകി വരുന്ന സ്കോളർഷിപ്പുകൾ അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്കോളർഷിപ്പിനത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്കോളർഷിപ്പിനത്തിൽ 2021-22 സാമ്പത്തിക വർഷം 23.76 കോടി രൂപ അനുവദിക്കുകയും 18.52 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 20.75 കോടി രൂപ ബഡ്ജറ്റിൽ അനുവദിക്കുകയും 15.88 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 21.96 കോടി രൂപ അനുവദിക്കുകയും നിലവിൽ 6.25 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാർ മുഖേന ലഭിക്കുന്ന സ്കോളർഷിപ്പുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; പ്രസ്തുത സ്കോളർഷിപ്പുകൾക്കായി 2021 മുതൽ നാളിതുവരെ എത്ര തുക ലഭിച്ചുവെന്നും അവയിൽ എത്ര തുക അർഹതപ്പെട്ടവർക്ക് നൽകിയെന്നും ഓരോ വർഷത്തെയും കണക്ക് ഉൾപ്പെടെ വിശദാംശം നൽകുമോ; | (സി) | കേന്ദ്ര സർക്കാർ ന്യൂനപക്ഷ മതവിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതികളൊന്നും തന്നെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല.<br><br>എന്നാൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ്, ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്; കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് എന്നിവ നടപ്പിലാക്കി വരുന്നു.<br><br>2021-22 വർഷത്തിൽ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് തുകയായി ഏകദേശം 78.94 കോടി രൂപ കേരളത്തിലെ കുട്ടികൾക്ക് നൽകിയിട്ടുണ്ട്. 2022-2023 വർഷത്തെ സ്കോളർഷിപ്പ് വിതരണ നടപടികൾ പുരോഗമിക്കുകയാണ്. നാളിതുവരെ 6.78 |

| | | | |
|---|---|---|---|
| | | | കോടി രൂപ കൈമാറിയിട്ടുണ്ട്. 2021-22 വർഷത്തിൽ ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ് ഇനത്തിൽ 54896 കുട്ടികൾക്ക് സ്കോളർഷിപ്പ് തുക കൈമാറിയിട്ടുണ്ട്. |
| (ഡി) | ഏതെങ്കിലും സ്കോളർഷിപ്പ് തുക യഥാസമയം ചെലവഴിക്കാതെ ലാപ്സായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | ഉണ്ട്. 2022-23 സാമ്പത്തിക വർഷം സി.എ/ സി.എം.എ സ്കോളർഷിപ്പ് umbrella സ്കീമിന് കീഴിൽ തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ NTSE സ്കോളർഷിപ്പിനായുള്ള ട്രെയിനിങ്ങിന് 795000/- രൂപ (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ ആ വർഷം NTSE സ്കോളർഷിപ്പ് പരീക്ഷ നടത്താത്തതിനാൽ പ്രസ്തുത ട്രെയിനിങ് പ്രോഗ്രാം നടത്തുകയുണ്ടായില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### വിവിധ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൽകി വരുന്ന സ്കോളർഷിപ്പുകൾ

1. എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ്
2. സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്
3. പ്രൈവറ്റ് ഐ.റ്റി.ഐ/ITC- ഫീ റീ- ഇംമ്പേഴ്സ് മെന്റ് സ്കീം
   a) ITI/ITC scholarship
   b) അസാപ്, KITTS, KASE മുഖേന നൈപുണ്യ പരിശീലന പദ്ധതി
4. സി.എ/സി.എം.എ/ സി.എസ് സ്കോളർഷിപ്പ്
5. യു.ജി.സി/സി.എസ്.ഐ.ആർ/നെറ്റ് കോച്ചിംഗ്
6. ഐഐടി/ഐഐഐഎം/ഐഐഐഎസ് സി,ഐഎംഎസ് സി എന്നീ കോഴ്സുകളിൽ പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
7. മദർതേരേസ സ്കോളർഷിപ്പ്
8. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്
9. സിവിൽ സർവ്വീസ് ഫീ-റീ ഇംമ്പേഴ്സ്മെൻറ് സ്കീം
10. വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്
11. ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദ്ദു സ്കോളർഷിപ്പ് അവാർഡ്

സെക്ഷൻ ഓഫീസർ